# മായാത്ത കാല്‍പാടുകള്‍

**എന്‍. ഗോപാലകൃഷ്ണന്‍**

മുട്ടത്തുവര്‍ക്കിയെ ആദ്യം കണ്ടതും പരിചയപ്പെട്ടതും എപ്പോഴാണെന്ന് ഓര്‍മയില്ല. ഞാന്‍ ഹൈസ്കൂളില്‍ പഠിച്ചിരുന്ന കാലത്ത് ഡി.സി. കിഴക്കെമുറിയായിരിക്കണം ഞങ്ങളെ തമ്മില്‍ പരിചയപ്പെടുത്തിയത്. ഉപരിപഠനം കഴിഞ്ഞ് ഞാന്‍ കോട്ടയത്തെത്തിയതിനെ തുടര്‍ന്നുള്ള മാസങ്ങളിലാണ് അദ്ദേഹത്തെ കൂടുതലായി പരിചയപ്പെടാന്‍ അവസരമുണ്ടായത്. ഒരു സംഭവം ഞാനോര്‍ക്കുന്നു. കോട്ടയത്തെ പോസ്റ്റോഫീസിന്റെ പടിഞ്ഞാറുവശത്തുള്ള ഞങ്ങളുടെ വീടിന്റെ ഗേറ്റിന്റെ മുമ്പില്‍ ഞാന്‍ നില്‍ക്കവേ വര്‍ക്കി സാര്‍ അതിലെ കടന്നുപോയി. തീരെ തിരക്കില്ലാത്ത റോഡാണ്, എന്നെ നോക്കി പരിചയക്കാര്‍ക്കുള്ള ചിരിയും സമ്മാനിച്ചിട്ട് അദ്ദേഹം നടന്നുപോയി. സമയം വൈകുന്നേരം അഞ്ചുമണി. വര്‍ക്കി സാര്‍ കുറേ ദൂരം നടന്നിട്ട് നിന്നു. അല്പമൊന്ന് ആലോചിച്ചിട്ട് തിരിഞ്ഞു നടന്നു. അദ്ദേഹം എന്റെ അടുത്തെത്തിയപ്പോള്‍ 'വര്‍ക്കിസാര്‍ എന്താ തിരിച്ചു നടക്കുന്നത്?' എന്നു ചോദിച്ചിട്ട് ഞാന്‍ അദ്ദേഹത്തോടൊപ്പം നടന്നു. ദീപിക ഓഫീസില്‍ നിന്ന് വരുന്ന വഴിയ്ക്ക് അദ്ദേഹം ഏതോ ഒരു ഓഫീസില്‍ കയറി. പേഴ്സ് അവിടുത്തെ മേശപ്പുറത്ത് വച്ച് മറന്നുപോയി. അത് അദ്ദേഹം പറഞ്ഞവസാനിപ്പിച്ചത് ഇങ്ങനെയാണ്: ''പേഴ്സില്‍ പറയത്തക്കതായി ഒന്നുമില്ല. പക്ഷേ കൂടെ ഒരു തൂവാലയുണ്ട്. ഈ ഉഷ്ണകാലത്ത് അതില്ലാതെ വയ്യ.''

ധാരാളം വിയര്‍ക്കുന്ന ശരീര പ്രകൃതമായിരുന്നല്ലോ വര്‍ക്കി സാറിന്റേത്. അക്കാലത്ത് വര്‍ക്കി സാര്‍ വലിയ ദൃഢനിശ്ചയക്കാരനായിരുന്നുവെന്ന് ഡി.സി. കിഴക്കെമുറിയില്‍ നിന്ന് ഞാന്‍ കേട്ടറിഞ്ഞിട്ടുണ്ട്. പണം കൈയില്‍ കിട്ടിയാല്‍ അതു മുഴുവന്‍ ചെലവാക്കി തീര്‍ത്താലേ അദ്ദേഹത്തിന് സമാധാനം കിട്ടുമായിരുന്നുള്ളൂ. അതുകൊണ്ട് പേഴ്സിനെപ്പറ്റി പറഞ്ഞഥു ശരി തന്നെയായിരിക്കണം.

വര്‍ക്കിസാറിന്റെ 'മായാത്ത കാല്‍പാടുകള്‍' എന്ന പുസ്തകത്തെക്കുറിച്ച് ആലോചിക്കുമ്പോള്‍ എനിയ്ക്ക് അത്ഭുതം തോന്നുന്നു. ആ പുസ്തകം ഇന്ന് എങ്ങും കാണാനില്ല. വര്‍ക്കിസാറ് തന്നെ ആ പുസ്തകത്തെപ്പറ്റി എങ്ങും എഴുതിയിട്ടുള്ളതായി കണ്ടിട്ടുമില്ല. അതൊരു വിവര്‍ത്തനമായിരുന്നു എന്നാണ് എന്റെ ഓര്‍മ. ആ പുസ്തകവുമായി എനിയ്ക്കുള്ള ബന്ധത്തെ പറ്റി 'വലിയ ലോകത്തിലെ മുഖങ്ങള്‍' എന്ന ശീര്‍ഷകത്തില്‍ ഞാനെഴുതിയ ഒരു ലേഖനത്തില്‍ പരാമര്‍ശിച്ചിട്ടുണ്ട്.

''ആര്‍ട്ടിസ്റ്റാന്‍ന്റെ കാലത്താണ് ഞങ്ങള്‍ മുട്ടത്തുവര്‍ക്കിയെ പരിചയപ്പെട്ടത്. സദാസമയവും നാലുചുറ്റും മുറുക്കിതുപ്പിക്കൊണ്ടിരുന്ന മുട്ടത്തുവര്‍ക്കി സാറിന് ഞാന്‍ വട്ടത്തില്‍ മുറുക്കി സാര്‍ എന്നു പേരിട്ടു. ഇതേപറ്റി ഡി.സി. കിഴക്കേമുറി എന്നെ ഭര്‍ത്സിക്കുകയും ചെറിയൊരു ചിരികൊണ്ട് കുഴപ്പമൊന്നുമില്ലെന്ന് വാക്കുകളുപയോഗിക്കാതെ എന്നെ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. മുട്ടത്തുവര്‍ക്കിയുടെ ആദ്യത്തെ പുസ്തകത്തിന്റെ പ്രസാധനം സംബന്ധിച്ചാണ് ഞങ്ങള്‍ അദ്ദേഹവുമായി അടുത്തത്. ഇന്ന് ആ നോവലിന്റെ പ്രതിപോലും കിട്ടാനില്ല. ഡി.സി. കിഴക്കെമുറി പോലും കണ്ടിട്ടില്ലാത്ത ആ പുസ്തകത്തിന്റെ പേര് 'മായാത്ത കാല്‍പാടുകള്‍' എന്നായിരുന്നു. അതിന്റെ കവര്‍പേജിനായി ഒരു മാതൃകയുമായി വര്‍ക്കിസാര്‍ ആര്‍ട്ടിസ്റ്റാനില്‍ വന്നു. ബാബു അപ്പോള്‍ അവിടെ ഉണ്ടായിരുന്നില്ല. ഞാനും അരവിന്ദനും മാത്രം. വലതും ഇടതും പാദങ്ങളുടെ സമാന്തരമായ മുദ്രകളാണ് വര്‍ക്കിസാര്‍ കൊണ്ടുവന്ന മാതൃകയിലുണ്ടായിരുന്നത്.

''മലവിസ്സര്‍ജനത്തിനിരിക്കുന്നവന്റെ കാല്‍പാടുകളാണല്ലോ വര്‍ക്കി സാറെ'' എന്ന എന്റെ പ്രസ്താവന അദ്ദേഹത്തെ ചൊടിപ്പിച്ചു. ക്രുദ്ധനായി സ്വരമുയര്‍ത്തിയ വര്‍ക്കിസാറിനെ അരവിന്ദന്‍ സമാധാനിപ്പിച്ചു. ഒന്നാം തരം കവര്‍ 'ഫ്രീ' യായി വരച്ചുകൊടുക്കാമെന്ന് പറഞ്ഞു. വര്‍ക്കി സാറ് പോയ ഉടന്‍ അരവിന്ദന്‍ കടലാസും പെന്‍സിലും എന്റെ അടുത്തേക്ക് നീക്കിവച്ചു. ''ചേട്ടനല്ലേ കുഴപ്പമുണ്ടാക്കിയത്. ചേട്ടന്‍ തന്നെ വരച്ചോളൂ.'' നടന്നകന്നുപോരുന്ന ഒരാളുടെ.... അകലം തോറും വലുപ്പം കുറഞ്ഞുവരുന്ന അഞ്ചാറു കാല്‍പാടുകള്‍ ഞാന്‍ വരച്ചുണ്ടാക്കി. അരവിന്ദന്‍ ഒരു പേനയെടുത്ത് ഒഴിഞ്ഞ സ്ഥലമെല്ലാം ചെറിയ കുത്തുകള്‍ കൊണ്ടു നിറച്ചു. മണലാണത്രെ! എന്നിട്ട് മുകളില്‍ ഇടതുവശത്ത് 'മായാത്ത കാല്‍പാടുകള്‍' എന്നും താഴെ വലതുവശത്ത് 'മുട്ടത്തുവര്‍ക്കി' എന്നും വടിവോടെ എഴുതി. അപ്പോഴേക്കും ബാബു വന്നെത്തി. പണി ഊര്‍ജ്ജിതത്തിലായി. കാല്‍പാടുകള്‍ വെടിയെടുത്ത് കടലാസ്സില്‍ പതിച്ച് ഒരു ടൂത്ത് ബ്രഷ് നീലചായത്തില്‍ മുക്കി അതിന്മേല്‍ വിരലോടിച്ച് ചായം കടലാസില്‍ തെറിപ്പിച്ച് ഡിസൈനുണ്ടാക്കി. ബാക്കിയൊക്കെ ബാബു പൂര്‍ത്തിയാക്കി. വൈകുന്നേരം വര്‍ക്കിസാര്‍ വന്നെത്തി. അദ്ദേഹത്തിന് തൃപ്തിയായി. വര്‍ക്കിസാര്‍ തന്ന പതിനഞ്ചു രൂപ ബാബുവിന്റെ മധ്യസ്ഥതയില്‍ ഞങ്ങള്‍ പങ്കിട്ടു. ബാബുവിന് എട്ടുരൂപ. എനിയ്ക്ക് അഞ്ചും അരവിന്ദന് രണ്ടും. തന്റെ വിഹിതം വര്‍ദ്ധിപ്പിക്കാനായി അരവിന്ദന്‍ പെട്ടെന്നെഴുന്നേറ്റ് ഈറ്റപ്പുലിയെ പോലെ പോരാടി. ഡിസൈന്‍ 'ഫ്രീ'യായി കൊടുക്കുമെന്നു പറഞ്ഞ അരവിന്ദ് ഒരു പൈസപോലും കൊടുക്കേണ്ടതില്ലെന്ന് ഞാന്‍ പറഞ്ഞപ്പോള്‍ അരവിന്ദന്‍ ഒരു തമിഴ് സിനിമാനടനെപ്പോലെ പൊട്ടിക്കരഞ്ഞു. വെറും അഭിനയം! ഞങ്ങളുടെ വാദപ്രതിവാദമെല്ലാം തമിഴിലായിരുന്നു. ജഗതലപ്രതാപന്‍ സ്റ്റെലിന്‍. ആര്‍ക്കും തമിഴ് അറിഞ്ഞുകൂടായിരുന്നുവെന്നത് വേറെ കാര്യം.''

അധികം താമസിയാതെ തന്നെ വര്‍ക്കിസാറിന്റെ പുസ്തകങ്ങള്‍ ഒന്നിനുപുറകെ ഒന്നായി പുറത്തുവന്നു തുടങ്ങി. വര്‍ത്തമാനപത്രങ്ങള്‍ക്കപ്പുറം ഒന്നും വായിക്കാത്തവര്‍ പോലും ആ പുസ്തകങ്ങള്‍ വായിച്ചു. ആഴ്ചപ്പതിപ്പുകളിലും മാസികകളിലും അവ തുടര്‍ക്കഥകളായി പ്രത്യക്ഷപ്പെട്ടു. കേശവ് ദേവ്, കാരൂര്‍ സാര്‍, പൊന്‍കുന്നം വര്‍ക്കി, തകഴി, ബഷീര്‍ എന്നിങ്ങനെയുള്ള മഹാരഥന്മാരുടെ പുസ്തക

ങ്ങൾക്കൊപ്പം വർക്കിസാറിന്റെ പുസ്തകങ്ങളും ധാരാളമായി വിറ്റഴിഞ്ഞു.

സി.സി. കിഴക്കെമുറിയുടെ ജീവിതത്തെ ആസ്പദമാക്കി 'ഡി.സി. എന്ന ഡൊമിനിക് ചാക്കോ' എന്നൊരു പുസ്തകം ഞാൻ എഴുതിയിട്ടുണ്ട്. മുട്ടത്തുവർക്കിയുടെ പുസ്തകങ്ങളുടെ പ്രചാരത്തെപ്പറ്റി ഡി.സി. പറഞ്ഞ രണ്ടു സംഭവങ്ങൾ ഞാൻ അതിൽ വർണിച്ചിട്ടുണ്ട്. ''കേരളത്തിൽ ജനിച്ച ഏതെങ്കിലും ഒരു ഗ്രന്ഥകാരന് ഇത്രയധികം വായനക്കാരുണ്ടായിരുന്നോ എന്നു സംശയമാണ്. തന്റെ ഭാര്യയ്ക്ക് തന്റെ പുസ്തകങ്ങളെക്കാൾ ഇഷ്ടം മുട്ടത്തുവർക്കിയുടെ പുസ്തകങ്ങളായിരുന്നുവെന്ന് ദുഃഖമടക്കി ചിരിച്ചുകൊണ്ട് തകഴി ശിവശങ്കരപ്പിള്ള പറഞ്ഞിട്ടുണ്ട്.''

മറ്റൊരു സംഭവം ഡി.സി. തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. തകഴിയുടെ 'ചെമ്മീൻ' പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിനിൽക്കുന്ന കാലം. അന്ന് പത്താം ക്ലാസ്സിലെ പരീക്ഷയ്ക്ക് ഒരു ചോദ്യമുണ്ടായിരുന്നു. ''അടുത്തകാലത്ത് ഏറ്റവും പ്രസിദ്ധി നേടിയ ഒരു മലയാള നോവലിന്റെ പേരെഴുതുക.'' 'മുട്ടത്തുവർക്കിയുടെ പാടാത്ത പൈങ്കിളി' എന്നാണ് ഒരു പെൺകുട്ടി എഴുതിയ ഉത്തരം. പെൺകുട്ടിയോ തകഴി ശിവശങ്കരപ്പിള്ളയുടെ മകൻ.

അക്കാലത്തെ എഴുത്തുകാരിൽ ബഷീറിന്റെയും വർക്കിസാറിന്റെയും പുസ്തകങ്ങൾ മാത്രമേ ഏതാണ്ട് അന്നത്തെ തോതിൽ തന്നെ ഇന്നും വിറ്റഴിഞ്ഞുകൊണ്ടിരിക്കുന്നുള്ളൂ എന്നു ഞാൻ പറഞ്ഞാൽ അവർ രണ്ടുപേരുടെയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന രവി ഡി.സി. കാര്യമായ എതിർപ്പൊന്നും പറയുകയില്ലെന്നാണ് എന്റെ വിശ്വാസം. രണ്ടുപേർക്കും കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടില്ല എന്നതാണ് ഇവർ തമ്മിലുള്ള വേറൊരു സാമ്യം.

ആഴം കുറഞ്ഞ പ്രേമകഥകളാണെന്ന് പറഞ്ഞ്, 'പൈങ്കിളി സാഹിത്യം' എന്നു മുദ്രകുത്തപ്പെട്ട സാഹിത്യശാഖയ്ക്ക് ആ പേരു കിട്ടിയത് മുട്ടത്തുവർക്കിയുടെ 'പാടാത്ത പൈങ്കിളി' എന്ന നോവലിൽ നിന്നായിരിക്കണം. വസ്തവത്തിൽ ആഴം കുറഞ്ഞ പ്രേമകഥകളാണോ വർക്കിസാറിന്റേത്? ഏതാണ്ട് ഇത്തരം ആരോപണങ്ങൾ തന്നെയല്ലേ ഇംഗ്ലീഷ് നോവലിസ്റ്റായ തോമസ് ഹാർഡിയുടെ നോവലുകളെ പറ്റിയും ഉണ്ടായിരുന്നത്. വിമർശനം സഹിക്കാനാവാതെ തോമസ് ഹാർഡി നോവലെഴുത്ത് നിർത്തുകയായിരുന്നു. പക്ഷേ വർക്കി സാർ അങ്ങനെ ചെയ്തില്ല. 'ഫിഡിൽ' എന്ന നോവലിന്റെ ''എന്റെ എല്ലാ നോവലുകളും തന്നെ പത്രങ്ങലിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയതിനു ശേഷമാണ് പുസ്തകരൂപത്തിലായിട്ടുള്ളത്. വായനക്കാരുടെ അഭിപ്രായങ്ങളെ കൂടെ ആദരിച്ച് നോവലിൽ വേണ്ടുന്ന പരിഷ്കാരങ്ങൾ വരുത്താൻ ആ പതിവ് വളരെ പ്രയോജനപ്പെടുന്നുണ്ട് എന്നാണ് എന്റെ വിശ്വാസം. കേരളത്തിലെ വായനക്കാർക്കു വേണ്ടിയാണ് ഞാൻ നോവലുകളും ചെറുകഥകളും എഴുതുന്നത്. വർഗീയതയുടെയും രാഷ്ട്രീയത്തിന്റെയും പ്രാദേശികത്വത്തിന്റെയും തിമിരം ബാധിച്ച നിരൂപകന്മാർക്കും സാഹിത്യം എന്തെന്നറിഞ്ഞുകൂടാത്ത 'സാഹിത്യതമ്പ്രാക്കന്മാർ'ക്കും വേണ്ടിയല്ല എന്നർത്ഥം. വായനക്കാരുടെ ആശിസ്സുകൾ എന്നെ വേണ്ടുവോളം അനുഗ്രഹിക്കുന്നുണ്ട്. എനിയ്ക്കതുമതി. മണിയും പതിരും തമ്മിൽ വേർതിരിക്കാൻ കഴിവുള്ള ഏറ്റവും നല്ല നിരൂപകനായ കാലത്തിൽ എനിയ്ക്കു വിശ്വാസമുണ്ട്.''

തോമസ് ഹാർഡിയെപറ്റി ഞാൻ പറയുകയുണ്ടായല്ലോ. വിദ്യാഭ്യാസകാലത്തും തുടർന്നുള്ള വർഷങ്ങളിലും ഹാർഡി ലാറ്റിൻ– ഗ്രീക്ക് ഭാഷകളിലും ഭാഷകളിലെ ക്ലാസ്സിക്ക് കൃതികളിലും വളരെ താത്പര്യമെടുത്തു. വർക്കി സാറും വളരെ ഗൗരവമായി തന്നെ സംസ്കൃതം പഠിച്ചിട്ടുണ്ട്. ആ ഭാഷയിൽ അദ്ദേഹത്തിന് ധാരാളം വായനയുമുണ്ടായിരുന്നു. വർക്കിസാർ സാഹിത്യത്തിലേക്ക് പ്രവേശിച്ചത് കവിതയിൽ കൂടിയായിരുന്നു. 'ആത്മാഞ്ജലി' എന്ന ശീർഷകത്തിൽ അദ്ദേഹത്തിന്റെ ഒരു കവിതാ സമാഹാരം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. തോമസ് ഹാർഡിയും ആദ്യകാലങ്ങളിൽ എഴുതിയത് കവിതകൾ തന്നെയായിരുന്നു. നോവലെഴുത്ത് നിർത്തിയ ശേഷം അദ്ദേഹം വീണ്ടും കവിതകൾ എഴുതി.

ഈ രണ്ടുനോവലിസ്റ്റുകളും തമ്മിലുള്ള സാമ്യം ഇതുകൊണ്ട് അവസാനിക്കുന്നില്ല. ഹാർഡിയുടെ നോവലുകളെല്ലാം തന്നെ പത്രങ്ങളിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചതിനു ശേഷമാണ് പുസ്തകരൂപത്തിൽ ഇറങ്ങിയത്. അതുകൊണ്ട് ഓരോ ഭാഗവും അടുത്ത ഭഗത്തിനുവേണ്ടി കാത്തിരിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുന്ന രീതിയിൽ അവസാനിപ്പിക്കേണ്ടി വന്നു. അങ്ങനെയാണ് അദ്ദേഹത്തിന്റെ നോവലുകളിൽ പൈങ്കിളിത്വത്തിന്റെ അവിഭാജ്യഘടകമായ ഒലഹീറ്യമാമ കടന്നു കൂടിയതെന്ന് പിൽക്കാലത്ത് നിരൂപകന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ഹാർഡി ഒരു സുഹൃത്തിന് അയച്ച കത്തിൽ ഇങ്ങനെ എഴുതി. ''ഇനിയൊരു കാലത്ത് എനിയ്ക്ക് കുറേ കൂടി ഉദാത്തമായ ലക്ഷ്യങ്ങൾ ഉണ്ടായേക്കാം. പക്ഷേ ഇപ്പോൾ പരിതസ്ഥിതികളെ പരിഗണിച്ച് സീരിയലുകൾ എഴുതാൻ നല്ല വിരുതുള്ള ഒരാളായി അറിയപ്പെടാനാണ് ഞാൻ ആഗ്രഹിക്കുന്നത്.''

മുട്ടത്തുവർക്കിയുടെ കൃതികളിലും ഇത്തരം മെലോഡ്രാമ പലയിടങ്ങളിലും കടന്നുകൂടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നോവലുകളും തുടർക്കഥകളായിട്ടാണല്ലോ ജന്മമെടുത്തത്.

ഹാർഡിയുടെ നോവലുകളിൽ ണലലൈഃ നോവലുകളാണ് പിൽക്കാലത്ത് ഏറ്റവും അധികം പ്രസിദ്ധിയാർജ്ജിച്ചത്. ണലലൈഃ പ്രദേശത്തെ ആളുകളെയും ഭൂപ്രകൃതിയെയും ആ നോവലുകളിൽ തന്മയത്വത്തോടെ ചിത്രീകരിച്ചിട്ടുണ്ട്. മദ്ധ്യകേരളത്തിന്റെ കിഴക്കുഭാഗത്തുള്ള ഗ്രാമങ്ങളും അവിടുത്തെ ആളുകളും ആണ് മുട്ടത്തുവർക്കിയുടെ നോവലുകളിൽ നിറഞ്ഞു നിൽക്കുന്നത്. കഥാപാത്രങ്ങൾ സാധാരണക്കാരാണ്. സാധാരണക്കാരന് വായിച്ചാൽ മനസ്സിലാക്കാൻ സാധിക്കാത്ത കഥാപാത്രങ്ങളോ സംഭവങ്ങളോ വർണനകളോ മുട്ടത്തുവർക്കിയുടെ നോവലുകളിൽ ഇല്ല. ഇപ്പോഴത്തെ പല എഴുത്തുകാരേയും പോലെ ആർക്കെങ്കിലും മനസ്സിലായിപ്പോയെങ്കിലോ എന്നു പേടിച്ചല്ല അദ്ദേഹം എഴുതിയിരുന്നത്. ഒന്നിലധികം സ്ത്രീകളെ സ്നേഹിക്കുകയോ കാമിക്കുകയോ ചെയ്യുന്ന പുരുഷന്മാരെയും അതേപോലെ തന്നെ ഒരാളെ സ്നേഹിക്കുമ്പോൾ തന്നെ മറ്റൊരുത്തനെ താല്ക്കാലികമായെങ്കിലും കാമിക്കുന്ന